# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജനുവരി 16**

---

## പെരുമയുടെ വഴിയിൽ എം.ജി സർവകലാശാല അന്താരാഷ്ട്ര നാടകോത്സവ വേദിയിലേക്ക്

മഹാത്മാ ഗാന്ധി സർവകലാശാലയുടെ പ്രൗഢമായ നാടക പാരമ്പര്യത്തിന് തിളക്കം പകർന്ന് പുതു തലമുറ. സർവകലാശാലയിലെ സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ നാടകം ആറാമത്തെ വിരൽ സംസ്ഥാന സംഗീത നാടക അക്കാദമിയുടെ നേതൃത്വത്തിൽ അടുത്ത മാസം തൃശൂരിൽ നടക്കുന്ന അന്താരാഷ്ട്ര നാടകോത്സവത്തിന്റെ (ഇറ്റ്ഫോക്ക്) അരങ്ങിലെത്തും.

അക്കാദമിയുടെ പരിഗണനയ്ക്കു വന്ന 351 നാടകങ്ങളിൽനിന്ന് ആറാമത്തെ വിരൽ ഉൾപ്പെടെ 15 നാടകങ്ങളാണ് തിരഞ്ഞെടുക്കപ്പെട്ടത്. മൂന്നു മലയാള നാടകങ്ങൾ മാത്രമാണ് മേളയിൽ ഇടം നേടിയത്.

പ്രിൻസ് അയ്മനത്തിന്റെ ചാരുമാനം എന്ന കഥയുടെ സ്വതന്ത്രാവിഷ്കാരമാണ് അവതരണത്തിൽ ഏറെ പ്രത്യേകതകളുള്ള ആറാമത്തെ വിരൽ. ഒരു മണിക്കൂർ ദൈർഘ്യമുള്ള നാടകത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത് സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അധ്യാപകനായ ഡോ. അജു കെ. നാരായണനാണ്.

കേന്ദ്ര കഥാപാത്രങ്ങളായ പിള്ളേച്ചനും കുഞ്ഞപ്പിയും ചരക്കു വള്ളത്തിൽ നടത്തുന്ന യാത്രയും അനുബന്ധ സംഭവങ്ങളുമാണ് പ്രമേയം. കഥാപാത്രങ്ങൾക്കൊപ്പം ആസ്വാദകരും യാത്ര ചെയ്യുന്ന രീതിയിലാണ് അവതരിപ്പിക്കുന്നതെന്ന് ഡോ. അജു കെ. നാരായണൻ പറഞ്ഞു.

സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നിന്ന് അടുത്തയിടെ പി.എച്ച്ഡി നേടിയ ചലച്ചിത്ര നടനും സംവിധായകനുമായ സിദ്ധാർത്ഥ് ശിവയും നിലവിൽ വകുപ്പിലെ ഗവേഷണ

വിദ്യാർഥിയായ രാകേഷ് പാലിശേരിയുമാണ് യഥാക്രമം പിള്ളേച്ചനെയും കുഞ്ഞപ്പി യെയും അവതരിപ്പിക്കുന്നത്. ഇവർക്കു പുറമെ വകുപ്പിലെ വിദ്യാർഥികളും പൂർവ വിദ്യാർഥികളുമായ ഏഴു പേർ കൂടി നാടകത്തിൽ അഭിനയിക്കുന്നുണ്ട്.

സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ ആദ്യ ഡയറക്ടറായിരുന്ന നാടകാചാര്യൻ ജി. ശങ്ക രപ്പിള്ളയുടെ ചരമദിനമായ ജനുവരി ഒന്നിന് എല്ലാ വർഷവും വകുപ്പിൽ അനുസ്മര ണ സമ്മേളനം നടത്തുന്നതിനൊപ്പം പുതിയൊരു നാടകവും അവതരിപ്പിക്കാറുണ്ട്. 2024 ജനുവരി ഒന്നിന് ഈ പരിപാടിയുടെ ഭാഗമായാണ് ആറാമത്തെ വിരൽ ആദ്യമാ യി അരങ്ങിലെത്തിയത്. പിന്നീട് പലയിടങ്ങളിലും അവതരിപ്പിച്ചിരുന്നു.

ആറാമത്തെ വിരൽ ഇറ്റ്ഫോക്കിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത് സ്കൂൾ ഓഫ് ലെ റ്റേഴ്സിനും മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കും വലിയ അംഗീകാരമാണെന്ന് വ കുപ്പ് ഡയറക്ടർ ഡോ. സജി മാത്യു പറഞ്ഞു.

**ഫോട്ടോ ക്യാപ്ഷൻ...**

1) MGU Drama

*ആറാമത്തെ വിരൽ എന്ന നാടകത്തിൽ സിദ്ധാർത്ഥ് ശിവയും രാകേഷ് പാലിശേരി യും.*

2) Dr. Aju

*ഡോ. അജു കെ. നാരായണൻ*

(പി.ആർ.ഒ/39/1218/2025)

## ജൈവ അധിനിവേശം; ദേശീയ സെമിനാർ തുടങ്ങി

ജൈവ അധിനിവേശം കേരളത്തിലെ ജൈവ വൈവിധ്യത്തിന് ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ചുള്ള ദേശീയ സെമിനാർ മഹാത്മാ ഗാന്ധി സർവകലാശാലയിൽ ആരംഭിച്ചു. വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.

സർവകലാശാലാ ഗ്രാജ്വേറ്റ് സ്കൂൾ ഡയറക്ടർ ഡോ. കെ. ജയചന്ദ്രൻ, ഡോ. സി.പി. ഷാജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറ് സയൻസ് ടെക്നോളജി ഡയറക്ടർ ഡോ. എം.എസ്. ജിഷ, ഡോ. ജോമി അഗസ്റ്റിൻ എന്നിവർ പങ്കെടുത്തു.

സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയിലെ ശാസ്ത്രജ്ഞൻ ഡോ. മുഹമ്മദ് ജാഫർ പാലോട്ട്, മത്സ്യ ശാസ്ത്ര വിദഗ്ധനായ ഡോ. സി.പി. ഷാജി എന്നിവർ പ്രഭാഷണം നടത്തി.

എം.ജി സർവകലാശാലയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻസ് സയൻസ് ടെക്നോളജിയും സംസ്ഥാന ജൈവ വൈവിധ്യ ബോർഡും സംയുക്തമായാണ് രണ്ടു ദിവസത്തെ സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്.

രണ്ടാം ദിവസമായ ഇന്ന്(ജനുവരി 17)പെരിയാർ ടൈഗർ റിസർവ് ഫീൽഡ് ഡയറക്ടർ പി.പി. പ്രമോദ്, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ചീഫ് സയൻറിസ്റ്റ് ഡോ. ടി.വി. സജീവ് എന്നിവർ പ്രഭാഷണം നടത്തും.

**ഫോട്ടോ ക്യാപ്ഷൻ...**

3) MGU seminar 16

ജൈവ അധിനിവേശം കേരളത്തിലെ ജൈവ വൈവിധ്യത്തിന് ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്ത വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ സെമിനാർ ബുക്ക് ഡോ. സി.പി. ഷാജിക്കു നൽകി പ്രകാശനം ചെയ്യുന്നു. ഡോ.എം.എസ്. ജിഷ, ഡോ. കെ. ജയചന്ദ്രൻ, ഡോ. ജോമി അഗസ്റ്റിൻ എന്നിവർ സമീപം.

(പി.ആർ.ഒ/39/1219/2025)

## പരീക്ഷക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എംഎഫ്എ (2024 അഡ്മിഷൻ റെഗുലർ) പരീക്ഷകൾ ഫെബ്രുവരി മൂന്നു മുതൽ തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും. ജനുവരി 22 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജനുവരി 23 വരെയും സൂപ്പർ ഫൈനോടുകൂടി ജനുവരി 24 വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1220/2025)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ എംസിഎ (2024 അഡ്മിഷൻ റഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ് നവം ബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 27 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1221/2025)

## പരീക്ഷ തീയതി മാറ്റി

ജനുവരി 16 മുതൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ സിബിസിഎസ് (പുതിയ സ്കീം– 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഒക്ടോബർ 2024) കഥകളി വേഷം പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 27, 28 തീയതികളിൽ തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും.

(പി.ആർ.ഒ/39/1222/2025)

**പബ്ലിക് റിലേഷൻസ് ഓഫീസർ**